AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
THIRUVANANTHAPURAM

**Press Release**

PR . 60/2019 14.06.2019

# പച്ചത്തേങ്ങ സംഭരണം സർക്കാർ പുനരാരംഭിക്കും: കൃഷിമന്ത്രി

സംസ്ഥാനത്തുടനീളം പച്ചത്തേങ്ങ സംഭരണം സർക്കാർ പത്ത് ദിവസത്തിനകം വീണ്ടും ആരംഭിക്കുമെന്ന് കൃഷിവകുപ്പ് മന്ത്രി വി.എസ്. സുനിൽകുമാർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. കിലോഗ്രാമിന് 25/-രൂപ താങ്ങുവിലയാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. കേരഫെഡിന്റെ സൊസൈറ്റികൾ വഴിയായിരിക്കും സംഭരണം ആരംഭിക്കുന്നത്. സംഭരണം നടത്തുന്ന സൊസൈറ്റി കളെ തീരുമാനിക്കുന്നതിനായി ജില്ലാതല കമ്മിറ്റി രണ്ടു ദിവസത്തിനകം തന്നെ ചേരുന്നതായിരിക്കും. ആദ്യ ഘട്ടസംഭരണത്തിൽ അപാകത വരുത്തിയതായി കണ്ടെത്തിയ സൊസൈറ്റികളെ ഒഴിവാക്കിക്കൊണ്ടായിരിക്കും പുതിയ പട്ടിക തയ്യാറാക്കുക. ബഡ്ജറ്റിൽ പറഞ്ഞ 27/- രൂപ തന്നെ കർഷകർക്ക് നൽകുന്ന കാര്യം ധനകാര്യവകുപ്പ് മന്ത്രിയുമായി ചർച്ച ചെയ്തു തീരുമാനിക്കുന്നതാണ്. സംഭരിക്കുന്ന തേങ്ങ സൊസൈറ്റികൾ സംസ്കരിച്ച് കൊപ്രയാക്കി നാഫെഡിന് കൈമാറും. ഇറക്കുകൂലി, ഗതാഗതം, കൈകാര്യം ചെയ്യുന്നതിനുള്ള കൂലി എന്നീ ഇനങ്ങളിൽ 400/- രൂപ സൊസൈറ്റികൾക്ക് ലഭിക്കുന്നതായിരിക്കും.

സംസ്ഥാനതല കമ്മിറ്റിയായിരിക്കും വിവിധ ഘടകങ്ങളുടെ തുക നിശ്ചയി ക്കുന്നതും മാനദണ്ഡങ്ങൾ തീരുമാനിക്കുന്നതും. കാർഷികോത്പദന കമ്മീഷണർ ചെയർമാനായും കൃഷിഡയറക്ടർ സെക്രട്ടറിയായുമുള്ള കമ്മിറ്റിയിൽ നാഫെഡ്, കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ, സഹകരണ വകുപ്പ് രജിസ്ട്രാർ എന്നിവർ അംഗങ്ങളായിരിക്കും. സംസ്ഥാനത്തെ 370 കൃഷിഭവനുകളിലായിരുന്നു ആദ്യഘട്ടത്തിൽ സംഭരണം നിലനിന്നിരുന്നത്. ഇവിടെ നിലവിലുള്ള കേരഫെ ഡിന്റെ സൊസൈറ്റികളിലൂടെ പൂർണ്ണമായും സംഭരണം പുനരാരംഭിക്കുകയും മറ്റു പ്രദേശങ്ങളിൽ കൂടി തെരഞ്ഞെടുക്കപ്പെടുന്ന ഏജൻസികൾ വഴി സംഭരണം പുതുതായി തുടങ്ങുകയും ചെയ്യുവാനാണ് സർക്കാർ തീരുമാനം.

ഇതു കൂടാതെ കൊപ്ര സംഭരണവും സർക്കാർ ആരംഭിക്കുകയാണ്. ദേശീ യതലത്തിൽ നാഫെഡ് ആണ് കൊപ്ര സംഭരണത്തിന്റെ ഏജൻസി. നാഫെഡ് നിശ്ചയിച്ചിട്ടുള്ള കൊപ്രയുടെ താങ്ങുവിലയായ കിലോഗ്രാമിന് 95.21/- രൂപയ്ക്ക്

തന്നെ കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ എന്നിവ മുഖാന്തിരം കൊപ്രയും സംഭരിക്കും. പച്ചത്തേങ്ങ കൊണ്ട് വരുന്ന കർഷകർക്ക് സൊസൈറ്റികൾ മുഖാന്തിരം അവ സംസ്കരിച്ച് കൊപ്രയാക്കി കേരഫെഡ് വഴി നാഫെഡിന് നൽകുവാനും സൗകര്യം ഒരുക്കിയിട്ടുണ്ട്. ദേശീയതലത്തിൽ നാഫെഡ് ആണ് കൊപ്ര സംഭരണത്തിന്റെ ഏജൻസി. കൊപ്രയുടെ താങ്ങുവിലയായ 95.21/- രൂപ അടിസ്ഥാനമാക്കിയാണ് ഇപ്പോൾ തേങ്ങയുടെ സംഭരണ വില നിശ്ചയിച്ചിരിക്കുന്നത്. നാഫെഡിന്റെ സംഭരണത്തിൽ തടസ്സം നേരിട്ടാൽപ്പോലും സംസ്ഥാനത്തെ നോഡൽ ഏജൻസികളായ കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ എന്നിവ വഴി സംഭരണം മുടങ്ങാതെ നടപ്പിലാക്കുവാനാണ് സർക്കാർ തീരുമാനം. ഘട്ടം ഘട്ടമായി വരുന്ന പത്ത് വർഷം കൊണ്ട് നാളികേര വിസ്തൃതി, ഉത്പാദനം, ഉത്പാദനക്ഷമത, മൂല്യവർദ്ധനവ് എന്നിവ വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടെ നാളികേര വികസന കൗൺസിൽ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്. കൗൺസിലിന്റെ ആദ്യഘട്ട പ്രവർത്തന ഭാഗമായി വാർഡുകൾ തോറും 75 ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്ന പദ്ധതി ഈ വർഷം ആരംഭിക്കും. തെരഞ്ഞെടുക്കപ്പെട്ട 500 പഞ്ചായത്തുകളിലാണ് ഈ വർഷം പദ്ധതി ആരംഭിക്കുന്നത്. 2029-നകം ഇത്തരത്തിൽ 2 കോടി തെങ്ങിൻതൈകൾ വിതരണം ചെയ്യുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. കേരകേരളം-സമൃദ്ധകേരളം എന്ന പേരിൽ ആരംഭിക്കുന്ന ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ജൂൺ 22-ന് കോഴിക്കോട് വച്ച് മുഖ്യമന്ത്രി നിർവ്വഹിക്കുമെന്നും കൃഷിമന്ത്രി അറിയിച്ചു. നാടൻ തെങ്ങുകൾ, സങ്കരയിനം തെങ്ങിൻ തൈകൾ, കുറിയ ഇനം തൈകൾ എന്നിവ 60:20:20 അനുപാതത്തിലായിരിക്കും ഉത്പാദനവും വിതരണവും. ഇതിന്റെ ഒരു മാതൃകാ തോട്ടമെന്ന നിലയിൽ തൃശൂർ-പൊന്നാനി കോൾപ്പടവ് മേഖലയിലെ ബണ്ടുകളിൽ തെങ്ങിൻതൈകൾ ഉടനെ നട്ടുപിടിപ്പിക്കുന്നതായിരിക്കും. ആദ്യഘട്ടമായി നിലവിൽ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പഞ്ചായത്തുകളിലും തെരഞ്ഞെടുക്കപ്പെട്ട മറ്റു പഞ്ചായത്തുകളിലുമായി വാർഡൊന്നിന് 50 ശതമാനം സബ്സിഡിയോടുകൂടി 75 തെങ്ങിൻതൈകൾ വീതം ആകെ 7 ലക്ഷം തെങ്ങിൻ തൈകളാണ് ഈ വർഷം വിതരണത്തിന് തയ്യാറായിട്ടുള്ളതെന്നും മന്ത്രി അറിയിച്ചു.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

Farm Information Bureau, Kowdiar, Thiruvananthapuram - 695 003
**Website**: www.fibkerala.gov.in **Email**:fibtvm@gmail.com
**Telephone**: 0471 2317314